REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കാർഷിക, ഭക്ഷ്യോത്പന്ന മേഖലയിലെ സ്ത്രീകളെക്കുറിച്ച് മൂന്ന് ദിവസത്തെ ആഗോള സമ്മേളനം ഇന്ന് ഡൽഹിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും.**
- **കേരളത്തിലും തമിഴ്നാട്ടിലുമായി 16,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു.**
- **ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും.**
- **പരീക്ഷാ സമ്പ്രദായത്തിലും മൂല്യനിർണ്ണയ രീതികളിലും കാലോചിത മാറ്റങ്ങൾ വരുത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി.**
- **സംസ്ഥാനത്ത് പകൽ താപനിലയും അൾട്രാവയലറ്റ് സൂചികയും ഉയർന്ന പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.**
- **IPL 19-ാം പതിപ്പിന്റെ ആദ്യ ഘട്ട ഷെഡ്യൂൾ BCCI പ്രഖ്യാപിച്ചു. മത്സരങ്ങൾ ഈ മാസം 28ന് തുടങ്ങും.**

## വാർത്തകൾ വിശദമായി

കാർഷിക, ഭക്ഷ്യോത്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളെക്കുറിച്ച മൂന്ന് ദിവസത്തെ ആഗോള സമ്മേളനം ഇന്ന് ഡൽഹിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. 'പുരോഗതിയിലേക്ക് നയിക്കുക, പുതിയ ഉയരങ്ങൾ കീഴടക്കുക' എന്ന പ്രമേയത്തിൽ ICAR കൺവെൻഷൻ സെന്ററിലാണ്

സമ്മേളനം നടക്കുന്നത്. ചടങ്ങിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനും പങ്കെടുക്കും.

ഐക്യരാഷ്ട്രസഭ 2026-നെ 'അന്താരാഷ്ട്ര വനിതാ കർഷക വർഷമായി' പ്രഖ്യാപിച്ച സാഹചര്യത്തിലാണ് സമ്മേളനം നടത്തുന്നത്.

✪✪✪

കേരളത്തിലും തമിഴ്നാട്ടിലുമായി 16,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ രാജ്യത്തിന് സമർപ്പിച്ചു. എറണാകുളത്ത് 11,000 കോടി രൂപയുടെ പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിച്ചത്. BPCL കൊച്ചി റിഫൈനറിയിലെ 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിന് പ്രധാനമന്ത്രി തറക്കല്ലിട്ടു.

റോഡ് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി NH 66 ആറുവരി പാതയിലെ തലപ്പാടി-ചെങ്കള, വെങ്ങളം- രാമനാട്ടുകര റീച്ചുകൾ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ 5,650 കോടി രൂപയുടെ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. രണ്ട് അമൃത് ഭാരത് എക്സ്പ്രസുകൾ അടക്കം അഞ്ച് പുതിയ ട്രെയിൻ സർവീസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു.

കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രാദേശിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്നും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുമെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

കൊല്ലം പടിഞ്ഞാറേകല്ലടയിൽ വിഭാവനം ചെയ്ത ഫ്ലോട്ടിങ്ങ് സോളാർ പദ്ധതിയുടെ നിർമ്മാണോദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. 50 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

പടിഞ്ഞാറെ കല്ലടയിൽ കൃഷിയോഗ്യമല്ലാതെ വെള്ളക്കെട്ടായി കിടക്കുന്ന 330 എക്കറോളം സ്ഥലത്താണ് 50 മെഗാവാട്ട് വൈദ്യുതോല്പാദനശേഷിയുള്ള ഫ്ലോട്ടിങ് സോളാർ പ്ലാന്റ് സ്ഥാപിക്കുക.

✪✪✪

അമൃത് ഭാരത് പദ്ധതിയിലൂടെ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ച കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. എറണാകുളത്തു നിന്നും വിഡിയോ കോൺഫറൻസ് വഴിയാണ് അദ്ദേഹം സ്റ്റേഷൻ ഉദ്ഘാടനം ചെയ്തത്.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ സാഹചര്യത്തിൽ ഖത്തറിൽ കുടുങ്ങിക്കിടക്കുകയായിരുന്ന 500-ലധികം ഇന്ത്യക്കാർ കൂടി രാജ്യത്ത് മടങ്ങിയെത്തിയതായി ഇന്ത്യൻ എംബസി അറിയിച്ചു. ഖത്തർ എയർവേയ്സ് വിമാനങ്ങളിൽ ഇന്നലെ രാത്രിയാണ് ഇവർ ഡൽഹിയിലും മറ്റു നഗരങ്ങളിലും എത്തിച്ചേർന്നത്.

ഇന്ന് ഖത്തർ എയർവേയ്സ് ഡൽഹിയിലേക്കും മുംബൈയിലേക്കും രണ്ട് പ്രത്യേക സർവീസുകൾ നടത്തും.

ഇന്ത്യൻ സമൂഹത്തിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കി നൽകുന്നതായി എംബസി അറിയിച്ചു. പാസ്പോർട്ടുകൾ വേഗത്തിൽ നൽകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. സാഹചര്യം കണക്കിലെടുത്ത് ആഴ്ചയിൽ എല്ലാ ദിവസവും എംബസി പ്രവർത്തിക്കുമെന്നും, തത്കാൽ പാസ്പോർട്ടുകൾ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ വിതരണം ചെയ്യുമെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

ആഗോള എണ്ണവിപണിയിലെ വിതരണ തടസ്സങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര എണ്ണശേഖരം വിപണിയിലിറക്കാൻ അന്താരാഷ്ട്ര ഊർജ്ജ ഏജൻസി തീരുമാനിച്ചതിനെ ഇന്ത്യ സ്വാഗതം ചെയ്തു. അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയിലെ അസോസിയേറ്റ് അംഗം എന്ന നിലയിൽ, ആഗോള ഊർജ്ജ സഹകരണത്തിൽ ഇന്ത്യ സജീവമായ പങ്കുവഹിക്കുന്നുണ്ടെന്ന് കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷ സാഹചര്യങ്ങൾക്കിടയിലും ഇന്ത്യയുടെ അസംസ്കൃത എണ്ണ ഇറക്കുമതി സുരക്ഷിതമാണെന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയം. രാജ്യത്തേക്ക് എണ്ണ ഇറക്കുമതിയുടെ 70 ശതമാനവും ഇപ്പോൾ ഹോർമുസ് കടലിടുക്കിന് പുറത്തെ രാജ്യങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നതെന്ന് പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ ന്യൂഡൽഹിയിൽ അറിയിച്ചു.

നിലവിൽ 40 ഓളം രാജ്യങ്ങളിൽ നിന്നാണ് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുന്നത്. ഹോർമുസ് കടലിടുക്ക് വഴി സാധാരണ എത്തുന്നതിനേക്കാൾ കൂടുതൽ അളവ് എണ്ണ മറ്റ് സ്രോതസ്സുകൾ വഴി ഗവൺമെന്റ് ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

അതേസമയം, ഗൾഫ് മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. ലോക്സഭയിൽ, 2025-26 സാമ്പത്തിക വർഷത്തെ ധന വിനിയോഗത്തിന് 'അപ്രോപ്രിയേഷൻ ബിൽ 2026' ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിക്കും.

ഇന്നലെ, സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയം ലോക്സഭ ശബ്ദവോട്ടോടെ തള്ളിയിരുന്നു.

സ്പീക്കറുടെ സത്യസന്ധതയെ പ്രതിപക്ഷം ചോദ്യം ചെയ്തത് നിർഭാഗ്യകരമാണെന്ന് പ്രമേയത്തിന്മേൽ ചർച്ചയ്ക്ക് മറുപടി പറയവെ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സ്പീക്കർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടേതല്ല, മറിച്ച് സഭയുടേതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

✪✪✪

പൊതുവിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പരീക്ഷാ സമ്പ്രദായത്തിലും മൂല്യനിർണ്ണയ രീതികളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. സമഗ്ര ശിക്ഷാ കേരളം സംസ്ഥാന ഓഫീസിന്റെ പുതിയ ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആധുനിക വിദ്യാഭ്യാസ രീതികൾക്കനുസൃതമായി മൂല്യനിർണ്ണയ സംവിധാനങ്ങൾ മാറ്റേണ്ടത് അനിവാര്യമാണെന്നും കുട്ടികളുടെ സർഗ്ഗശേഷിയും പാഠ്യേതര മികവുകളും കൂടി പരിഗണിക്കുന്ന രീതിയിലേക്ക് മാറ്റങ്ങൾ കൊണ്ടുവരുമെന്നും മന്ത്രി വ്യക്തമാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളത്തിന് കഴിഞ്ഞ മൂന്ന് വർഷമായി അർഹമായ കേന്ദ്ര വിഹിതം ലഭിക്കുന്നില്ലെന്നും 2,000 കോടിയോളം രൂപ ഈ വകയിൽ സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

KSRTC യെ ലാഭത്തിലാക്കിയത് യാത്രക്കാരും ജീവനക്കാരും ചേർന്നാണെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. മുവാറ്റുപുഴ KSRTC ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് പല ബസ് സ്റ്റേഷനുകളിലും വർഷങ്ങളായി നീണ്ടുനിന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഗവൺമെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

മുവാറ്റുപുഴ ഡിപ്പോയിൽ നിന്നും പുതുതായി ആരംഭിച്ച മുവാറ്റുപുഴ - കട്ടപ്പന, മുവാറ്റുപുഴ - തൊമ്മൻകുത്ത് ബസ് സർവീസുകളുടെ ഫ്ലാഗ് ഓഫ് കർമ്മവും മന്ത്രി നിർവഹിച്ചു.

✪✪✪

സംസ്ഥാനത്ത് ആദ്യമായി കന്നുകാലി-വളർത്തുമൃഗ വ്യാപാരത്തിന് ഓൺലൈൻ പ്ലാറ്റ്ഫോം ഏർപ്പെടുത്തിയെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ 'ലാപ്ടോപ്പ്' മൊബൈൽ ആപ്ലിക്കേഷന്റെയും വെബ്സൈറ്റിന്റെയും ഉദ്ഘാടനം കൊല്ലം പ്രസ് ക്ലബ്ബിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയെ മൊബൈൽ ആപ്ലിക്കേഷൻ മുഖേന വാങ്ങാൻ കഴിയുന്ന സംവിധാനമാണിത്. കർഷകർക്കും മൃഗങ്ങളെ വളർത്താൻ താൽപര്യപ്പെടുന്നവർക്കും സഹായകരമാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് പകൽ താപനിലയും അൾട്രാവയലറ്റ് സൂചികയും ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു.

വിവിധ ജില്ലകളിൽ ഇന്നും ഉയർന്ന താപനിലയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷത്തെ തുടർന്നുണ്ടായ പാചകവാതക പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണം എന്നാവശ്യപ്പെട്ട് LDFന്റെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മണ്ഡലങ്ങളിൽ കേന്ദ്ര ഗവണ്മെന്റ് ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധം സംഘടിപ്പിക്കും. നേരത്തെ തന്നെ യുദ്ധ മുന്നറിയിപ്പ് കിട്ടിയിട്ടും ഉണ്ടാകാൻ പോകുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ ഒരു നടപടിയും കേന്ദ്ര ഗവണ്മെന്റ് എടുക്കാത്തതിന്റെ ഫലമാണ് ഇപ്പോൾ

അനുഭവിക്കുന്നതെന്ന് LDF കൺവീനവർ TP രാമകൃഷ്ണൻ പ്രസ്താവനയിൽ ആരോപിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ പ്രധാനമായും വൻകിട നഗരങ്ങളെയാണ് പ്രതിസന്ധി ബാധിക്കുകയെങ്കിൽ കേരളത്തിൽ എല്ലാ മേഖലയിലും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കാസർകോട് ജില്ലയിൽ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ നോഡൽ ഓഫീസർമാരുടെ യോഗം ചേർന്ന് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി. തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ പൂർത്തിയതായി കലക്ടർ പറഞ്ഞു.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.....

(....വോയ്സ്....)

✪✪✪

IPL 19-ാം പതിപ്പിന്റെ ആദ്യ ഘട്ട ഷെഡ്യൂൾ BCCI പ്രഖ്യാപിച്ചു. ഈ മാസം 28 മുതൽ ഏപ്രിൽ 12 വരെ 10 വേദികളിലായി 20 മത്സരങ്ങൾ നടക്കും. മൂന്ന് സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ, തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച ശേഷം ടൂർണമെന്റിന്റെ പൂർണ്ണ ഷെഡ്യൂൾ പ്രഖ്യാപിക്കുമെന്ന് BCCI അറിയിച്ചു.

ബെംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലെ ഉദ്ഘാടന മത്സരത്തിൽ, നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

✪✪✪

ഹൈദരാബാദിൽ FIH വനിതാ ഹോക്കി ലോകകപ്പ് പൂൾ B യോഗ്യതാ മത്സരത്തിൽ ഇന്ത്യ, വെയിൽസിനെ പരാജയപ്പെടുത്തി. ഒന്നിനെതിരെ 4 ഗോളിനാണ് ഇന്ത്യയുടെ ജയം.

ഫൈനലിൽ അടുത്തമാസം 13ന് ഇന്ത്യ, ഇറ്റലിയെ നേരിടും.

✪✪✪

എഴുത്തുകാരനും വിവർത്തകനുമായ PN വേണുഗോപാൽ കൊച്ചിയിൽ നിര്യാതനായി. അദ്ദേഹത്തിന് 71 വയസ്സായിരുന്നു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ പരിഭാഷാ പുരസ്കാര ജേതാവാണ്.

ഒലിവർ ട്വിസ്റ്റ്, റോബിൻസൺ ക്രൂസോ എന്നിവയടക്കം നിരവധി കൃതികളുടെ വിവർത്തകനാണ്. സംസ്കാരം നാളെ ഉച്ചകഴിഞ്ഞ് രവിപുരം ശ്മശാനത്തിൽ നടത്തും.

✪✪✪

പുതുതായി ചുമതലയേറ്റ ഓസ്ട്രേലിയൻ കോൺസൽ ജനറൽ സിലൈ സാക്കിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്തിയ പ്രതിനിധി സംഘം സ്പീക്കർ AN ഷംസീറുമായി കൂടിക്കാഴ്ച നടത്തി.

തലശ്ശേരിയിൽ നടന്ന ചർച്ചയിൽ വിദ്യാഭ്യാസ, വ്യവസായ മേഖലകളിൽ കേരളവുമായി കൂടുതൽ സഹകരിക്കാൻ ഓസ്ട്രേലിയ തയ്യാറാണെന്ന് സിലൈ സാക്കി അറിയിച്ചു.

പ്രധാനമായും ആരോഗ്യ മേഖലയിലെ തൊഴിൽ സാധ്യതകൾ ചർച്ചാ വിഷയമായി.

✪✪✪

കേവലം ബിരുദം നേടുന്നതിലുപരി പ്രായോഗിക തൊഴിൽജ്ഞാനം ആർജ്ജിച്ച തലമുറയെ വാർത്തെടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. വയലാർ ഗവ. ITI പുതിയ കെട്ടിടത്തിന്റെ നിർമ്മാണം കൊല്ലപ്പള്ളി ക്ഷേത്ര ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും 2026-27ലെ വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. 70 ഗ്രാമപഞ്ചായത്തുകളുടെയും 12 ബ്ലോക്ക് പഞ്ചായത്തുകളുടെയും ഏഴ് നഗരസഭകളുടെയും കോഴിക്കോട് കോർപറേഷന്റെയും ജില്ലാ പഞ്ചായത്തിന്റെയും പദ്ധതികൾക്കാണ് ഇതോടെ അംഗീകാരമായത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ ചേർന്ന യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷ കൂടിയായ മില്ലി മോഹൻ കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാരുടെ അടിസ്ഥാന രേഖകൾ ഉറപ്പാക്കുന്ന ABCD പദ്ധതിയുടെ സമ്പൂർണ അടിസ്ഥാന രേഖ വിതരണ പൂർത്തീകരണത്തിന്റെ പ്രഖ്യാപനം ഇന്ന് നടത്തും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വൈകീട്ട് മന്ത്രി OR കേളു പ്രഖ്യാപനം നിർവഹിക്കും.

ജില്ലാ ഭരണകൂടത്തിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും നേതൃത്വത്തിൽ ജില്ലാ IT മിഷൻ, സിവിൽ സപ്ലൈസ് വകുപ്പ്, ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം, ലീഡ് ബാങ്ക്, റവന്യൂ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്.

✪✪✪

*News Editor & News Reader:: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*News Team: അനുഷ ആത്മപ്രകാശ്. അബ്ദുൾ കബീർ*
*DEO: സി കെ സുബോധ്*